സെയിൽസ്ടാക്സ് അസ്സസ്മെന്റിനെതിരായി അപ്പീലുകൾ

1031 [1648] ശ്രീ. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാരുടെ സെയിൽസ് ടാക്സ് അസ്സസ്മെന്റിനെതിരായി കഴിഞ്ഞ മൂന്നു (1975-76, 1976-77, 1977-78) സാമ്പത്തിക വർഷത്തിൽ എത്ര അപ്പീലുകൾ അപ്പലേറ്റ് ട്രിബ്യൂണലിന് ലഭിച്ചു;

(ബി) എത്ര എണ്ണത്തിൽ ട്രിബ്യൂണൽ തീർപ്പുകൽപ്പിച്ചു;

(സി) ഇനി എത്ര എണ്ണം ബാക്കിയുണ്ട്?

ഉത്തരം

(എ) സെയിൽസ്ടാക്സ് അസ്സസ്മെന്റിനെതിരായി 1975-76 1976-77, 1977-78 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1507 ഉം, 1956 ഉം, 1854 ഉം വീതം ആകെ 5317 അപ്പീലുകൾ അപ്പലേറ്റ് ട്രിബ്യൂണലിനു ലഭിച്ചു.

(ബി) 1974-75 സാമ്പത്തിക വർഷത്തിൽ തീർപ്പ് കൽപിക്കുവാൻ ബാക്കിയുണ്ടായിരുന്ന 2644 അപ്പീലുകളും ഉൾപ്പെടെ ആകെ 7961 അപ്പീലുകളിൽ 4145 എണ്ണത്തിൽ ട്രിബ്യൂണൽ തീർപ്പുകൽപിച്ചു.

(സി) 3016 എണ്ണം ബാക്കിയുണ്ട്.

കാർഷികാദായ നികുതി

1032 [1649] ശ്രീ. പി. ടി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാദായ നികുതിയിനത്തിൽ ഗവൺമെന്റിന് കിട്ടുന്ന സംഖ്യയെത്ര;

(ബി) കപ്പയിൻമേലുള്ള ടാക്സ്മൂലം ഗവൺമെന്റിന് കിട്ടുന്ന സംഖ്യയെത്ര;

(സി) കപ്പവിലയിലുള്ള വർദ്ധിച്ച വിലയിടിവ് പരിഗണിച്ച് പ്രസ്തുത ടാക്സ് എടുത്തുകളയണമെന്ന് ഗവൺമെന്റിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) കാർഷികാദായ നികുതിയിനത്തിൽ 1977-78 സാമ്പത്തിക വർഷത്തിൽ 10.08 കോടി രൂപ ലഭിച്ചിട്ടുണ്ട്. 1978-79 ഫെബ്രുവരി 28 വരെ ഇതേ ഇനത്തിൽ ലഭിച്ചിട്ടുള്ള തുക 9.50 കോടി രൂപയാണ്.

(ബി) കപ്പയിൻമേലുള്ള കാർഷികാദായ നികുതിയിനത്തിൽ 1976-77 സാമ്പത്തികവർഷത്തിൽ 76,352 രൂപ ലഭിച്ചിട്ടുണ്ട്. കപ്പയിൻമേലുള്ള വിൽപന നികുതിയിനത്തിൽ 1976-77 സാമ്പത്തികവർഷത്തിൽ 1,55 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കപ്പയിൻമേലുള്ള വിൽപന നികുതി എടുത്തു കളയണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) ഈ നിവേദനം സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

പുതുക്കാട് സബ് ട്രഷറി

1033 [1650] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര നിയോജകമണ്ഡലത്തിൽ പുതുക്കാട് ഒരു സബ് ട്രഷറി അനുവദിക്കുന്ന കാര്യത്തെപ്പറ്റി നിവേദനം എന്നാണ് ഗവൺമെന്റിന് കിട്ടിയത്;

(ബി) ഇക്കാര്യത്തിൽ അനുകൂലമായ ഉത്തരവുകൾ ഉണ്ടാകാത്തതിന്റെ കാരണങ്ങൾ എന്താണ്;

(സി) പുതുക്കാട് അനുവദിക്കുന്ന സബ് ട്രഷറി എന്നുമുതൽ പ്രവർത്തിച്ച് തുടങ്ങും?

ഉത്തരം

(എ) 7-4-1978-ൽ എഴുതിയ നിവേദനം ഗവൺമെന്റിന് 22-4-1978-ന് ലഭിച്ചു.

(ബി) പുതുക്കാട് ഒരു പുതിയ സബ് ട്രഷറി തുറക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം പൂർത്തിയായാലേ ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കൂ.

(സി) അന്വേഷണത്തിൽ പുതുക്കാട് ഒരു സബ് ട്രഷറി ആവശ്യമാണെന്നു ബോദ്ധ്യമാകുകയാണെങ്കിൽ അതിലേക്ക് ആവശ്യമായ കെട്ടിടം (സ്ട്രോംഗ് റൂമും, കൗണ്ടറും ഉൾപ്പെടെ) പഞ്ചായത്ത് വിട്ടുതരുകയോ, സർക്കാരിൽനിന്നും പണിയുകയോ ചെയ്യുന്ന മുറയ്ക്ക് അവിടെ ട്രഷറി ആരംഭിക്കുന്നതാണ്.

സെയിൽസ് ടാക്സ് ഇനത്തിൽ വരുമാനം

1034 [1651] ശ്രീ. വി. ജെ. ജോസഫ്:

,, കെ. വി. കുര്യൻ:

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ സെയിൽസ്ടാക്സ് പിരിവ് മൊത്തത്തിൽ എത്ര;

(ബി) ഇത് വരവിന്റെ എത്ര ശതമാനമാണ്?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അതായത് 1977-78-ലെ നികുതി പിരിവ് മൊത്തത്തിൽ 117 കോടി 59 ലക്ഷം രൂപയായിരുന്നു.

(ബി) ഇതു വരവിന്റെ 27.4 ശതമാനമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly